(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) പഞ്ചായത്ത് സബോർഡിനേറ്റ് റൂൾ പ്രകാരം നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ജി.പി.എഫ്. അംഗത്വം അനുവദിക്കുന്നതിന് നിലവിലെ നിയമം അനുവദിക്കുന്നില്ല.

**കെ.എൽ.ജി.എസ്.ഡി. പ്രോജക്ട്**

247 (1625) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. റ്റി.ജോർജ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കെ.എൽ.ജി.എസ്.ഡി. പ്രോജക്ട് മുഖേന ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) വികേന്ദ്രീകൃത ആസൂത്രണത്തിലും നടത്തിപ്പിലും സംസ്ഥാനം കൈവരിച്ച നേട്ടങ്ങളെ അടുത്ത തലത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യം സാദ്ധ്യമാക്കുന്നതിനും ഈ പ്രക്രിയ വ്യവസ്ഥാപിതമാക്കുന്നതിനും തദ്ദേശസ്ഥാപനങ്ങൾ വഴി ലഭ്യമാക്കേണ്ട സേവനങ്ങൾ ഫലപ്രദമായി എത്തിക്കുകയും ചെയ്യുക എന്നുള്ള ഉദ്ദേശത്തോടുകൂടി നടപ്പിലാക്കി വരുന്ന പ്രോജക്ടാണ് കെ.എൽ.ജി.എസ്.ഡി.പി.

(സി) പദ്ധതിയുടെ മൊത്തത്തിലുള്ള ഏകോപനം, നിർവ്വഹണം, മോണിറ്ററിംഗ്, വിലയിരുത്തൽ എന്നിവയ്ക്കായി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പ്രോജക്ട് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള ഈ യൂണിറ്റ് ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടറും വിവിധ മേഖലകളെ പ്രതിനിധീകരിക്കുന്ന സ്പെഷ്യലിസ്റ്റുകളും ജില്ലാ കോ-ഓർഡിനേറ്റർമാരും പ്രവർത്തിച്ചുവരുന്നു. ഭരണപരവും നയപരവുമായ തീരുമാന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളെടുക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നിയന്ത്രണത്തിലുള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾക്ക് സഹായകരമായ പരിശീലനങ്ങൾ നൽകുന്നത് കിലയും എസ്.ഐ.ആർ.ഡി.യുമാണ്. തദ്ദേശതലത്തിലുള്ള വിവരശേഖരണം, സർവ്വേ, വിവിധ പഠനങ്ങൾ എന്നിവ നടത്തുന്നതിനും അവ പൊതുജനങ്ങൾക്ക് ലഭ്യമായ രീതിയിൽ വിന്യസിക്കുന്നതിനുംവേണ്ടി ഗ്രാമത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിൽ സ്ഥാപിച്ചിട്ടുള്ള ഡീസെൻട്രലൈസേഷൻ അനാലിസിസ് സെല്ലിനെ (DAC) ചുമതലപ്പെടുത്തിയിരിക്കുന്നു. കമ്പ്യൂട്ടർ സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിന് ഐ.കെ.എം.നെയും ഓഡിറ്റിംഗിനുവേണ്ടി സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിന്റെയും സേവനം ലഭ്യമാക്കുന്നുണ്ട്.

**ജനന-മരണ രജിസ്ട്രേഷൻ**

248 (1626) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനനവും മരണവും രജിസ്റ്റർ ചെയ്യാൻ വൈകിയവർക്ക് അത് രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ ലഘൂകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ ;

(ബി) ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യാത്തവ ആർ.ഡി.ഒ.യുടെ അനുമതിയോടെ മാത്രമേ രജിസ്റ്റർ ചെയ്യാവൂ എന്ന വ്യവസ്ഥമൂലം അപേക്ഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജനന മരണങ്ങൾ യഥാസമയം രജിസ്റ്റർ ചെയ്യാത്തവർക്ക് വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ., ഓഫീസുകളിൽ ഹിയറിംഗ് കഴിഞ്ഞശേഷം മാത്രം രജിസ്ട്രേഷന് അനുമതി നൽകുന്നതിലെ ബുദ്ധിമുട്ടുകൾ അവസാനിപ്പിക്കുന്നതിന് നടപടിക്രമം ലഘൂകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനന-മരണങ്ങൾ രജിസ്ട്രേഷൻ നടത്തുന്നതിന് നിലവിൽ പ്രയാസങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജനന-മരണ രജിസ്ട്രേഷൻ സംബന്ധിച്ചുണ്ടായിരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ചീഫ് രജിസ്ട്രാർ 7-2-2015-ലെ ബി1-4356/15 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരമാണ് സംസ്ഥാനത്തെ 1044 തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റുകളിലും കാലതാമസം കൂടാതെ ജനന-മരണ രജിസ്ട്രേഷൻ നടപടികൾ നടത്തിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly